യം മാത്രമാണിതു് എന്നു് ഈ വാക്യത്തെ വിശദീകരിക്കുന്ന വിധത്തിൽ നാടകത്തിൽ പിന്നീടുള്ള സംഭാഷണത്തിൽ ഭേദഗതി വരുത്തിയിരിക്കുന്നു.

യഹൂദനാമമായ 'യെഹോഷുവ' എന്ന പേരിൽ വേണം യേശുവിനെ നാടകത്തിൽ പരാമർശിക്കാൻ എന്ന നിർദേശം ഏതായാലും, അംഗീകരിക്കപ്പെട്ടിട്ടില്ല. അവസാനത്തെ തിരുവത്താഴസമയത്തുള്ള കർത്താവിന്റെ പ്രാർത്ഥന ഹീബ്രുഭാഷയിലാക്കണമെന്ന അഭിപ്രായവും തിരസ്കരിക്കപ്പെടുകയാണുണ്ടായതു്. ഹീബ്രു അറിയാത്ത ഒരു നടൻ ആ ഭാഷയിൽ പ്രാർത്ഥിച്ചാൽ അതു പരിഹാസ്യമായേ കേൾവിക്കാർക്കു തോന്നൂ എന്നു് കമ്മീഷൻ കരുതി. (ഓബെറമ്മർഗൗ നാടകത്തിൽ എല്ലാ നടന്മാരും നാടകം തൊഴിലല്ലാത്ത സാധാരണക്കാരാണു് ) യഹൂദരുടെ മഹാപുരോഹിതസംഘത്തിന്റെ നിർബന്ധംമൂലമല്ല, റോമാക്കാരുടെ ഭാഗത്തു ചേർന്നുനിന്നിരുന്ന ദേശദ്രോഹികളുടെ ഒരു ചെറുസംഘത്തിന്റെ പ്രേരണമൂലമാണു് ക്രിസ്തു വധിക്കപ്പെട്ടതു് എന്നു കാണിക്കുംവിധത്തിൽ നാടകത്തിൽ മാററം വരുത്തണമെന്ന നിർദേശവും തിരസ്കൃതമായി.

'കഴിയുന്നത്ര കുറച്ചും, എന്നാൽ, ആവശ്യത്തിനു മതിയാവോളവും' മാററം നാടകത്തിന്റെ ടെക്സ്റ്റിൽ വരുത്തിയതായി ഓബെറമ്മർഗൗ നഗരത്തിലെ മേയർ പ്രസ്താവിച്ചിട്ടുണ്ടു്. മതഗ്രന്ഥങ്ങളെ അവലംബിച്ചു സാഹിത്യം രചിക്കുന്നവർ മുറുകെ പിടിക്കേണ്ട ഒരു തത്ത്വം ഈ പ്രസ്തവത്തിൽ അടങ്ങിയിരിക്കുന്നു.

മൂന്നു വർഷം കഴിഞ്ഞു്, 1990-ൽ പുതിയ പാഠ്യഭാഗം ഉപയോഗപ്പെടുത്തി ഓബെറമ്മർ ഗൗ നാടകം അരങ്ങേറുമ്പോൾ, ലോകത്തിലെങ്ങുമുള്ള കത്തോലിക്ക മതവിശ്വാസികളുടെ പ്രതികരണം എന്തായിരിക്കും? അതു്, കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു.

(വസ്തുതകൾക്കു് ആധാരം: 1987 ജൂൺ 21—ലെ 'ജർമ്മൻ ട്രൈബ്യൂൺ' വാരിക.)

# 59. ബുദ്ധഭഗവാന്റെ അസ്ഥികൾ

മരിച്ചുപോയവരുടെ ശരീരാവശിഷ്ടങ്ങൾ സൂക്ഷിച്ചുവെച്ചു് ആരാധിക്കുന്ന പതിവു് ഹിന്ദുമതക്കാർക്കിടയിൽ ഉണ്ടായിരുന്നില്ല. മൃതശരീരം ദഹിപ്പിക്കുകയാണു് അധികം ഹിന്ദുക്കളും ചെയ്യുന്നതു്. ചിതയിൽ ബാക്കിവരുന്ന അസ്ഥികൾ സഞ്ചയിച്ചു്, സാധിക്കുമെങ്കിൽ ബീഹാർ സ്റ്റേററിലുള്ള ഗയയിലെ കർമനാശാനദിയിലോ, അതല്ലെങ്കിൽ മറേറതെങ്കിലും നദിയിലോ, കടലിലോ ഒഴുക്കുന്നതോടെ, മരിച്ചുപോയ പൂർവികനോടു ഹിന്ദുക്കളായ പിൻതലമുറക്കാർക്കുള്ള കർത്തവ്യം പൂർത്തിയാവുന്നു. അതിനുശേഷം, മരിച്ച വ്യക്തിയുടെ ആണ്ടുശ്രാദ്ധം ഏഴു തലമുറകളോളം അനുഷ്ഠിക്കുന്ന സമ്പ്രദായം ചില കുടുംബങ്ങളിൽ നിലനിന്നുവന്നു. ശരീരം ഭസ്മമായി മാറിയാൽപ്പിന്നെ, മരിച്ച വ്യക്തിയുടെ 'കൃതം' (പ്രവൃത്തികൾ) ഓർമിക്കുകയേ വേണ്ടൂ എന്ന അർത്ഥത്തിലുള്ള ഉപനിഷത്സൂക്തം പ്രസിദ്ധമാകുന്നു.

എന്നാൽ, ബുദ്ധമതക്കാർ വിശിഷ്ടവ്യക്തികളുടെ ശരീരാവശിഷ്ടങ്ങൾ സൂക്ഷിച്ചുവെച്ചു് പൂജിക്കാറുണ്ടായിരുന്നു. രണ്ടായിരത്തിനാനൂറെറഴ

പത്തുവർഷംമുമ്പ് ബുദ്ധഭഗവാൻ കശിനഗരത്തിൽവച്ച് നിർവാണമടഞ്ഞപ്പോൾ, ശിഷ്യന്മാർ അദ്ദേഹത്തിൻെറ ചിതയിലെ അസ്ഥിഖണ്ഡങ്ങൾ സഞ്ചയിച്ച് സൂക്ഷിച്ചു. ഈ അസ്ഥിത്തുണ്ടുകൾ സ്വർണംകൊണ്ടോ, രത്നംകൊണ്ടോ ഉള്ള പേടകങ്ങളിൽ അടച്ച്, അവയ്ക്കു മീതെ വലിയ സ്തൂപങ്ങൾ കെട്ടിയുയർത്തി. ഈ സ്തൂപങ്ങൾ ബുദ്ധമതക്കാരുടെ ആരാധനാലയങ്ങളും തീർത്ഥാടനകേന്ദ്രങ്ങളുമായി മാറി. ബുദ്ധശിഷ്യന്മാരുടെ അസ്ഥിഖണ്ഡങ്ങളുടെ മീതെയും ഇങ്ങനെ സ്തൂപങ്ങൾ നിർമിക്കപ്പെട്ടു.

ബുദ്ധമതം ചൈനയിലേക്കു വ്യാപിച്ചപ്പോൾ, ക്രിസ്തുവർഷം 616–ൽ ബുദ്ധൻെറ അമ്പത്തിമൂന്നു അസ്ഥിഖണ്ഡങ്ങൾ ഇന്ത്യയിൽനിന്നു ചൈനയിലേക്ക് ബൗദ്ധഭിക്ഷുക്കൾ കൊണ്ടുപോയത്രേ. ബൈജിങ്ങിനടുത്തുള്ള ഒരു ബുദ്ധക്ഷേത്രത്തിൽ ഇവ സൂക്ഷിച്ചുവയ്ക്കപ്പെട്ടു. തൊള്ളായിരം വർഷത്തിലേറെ ഈ അസ്ഥിഖണ്ഡങ്ങൾ ആ ക്ഷേത്രത്തിൽ ഇരുന്നു. പതിനാറാം നൂററാണ്ടിൽ, മിങ് ചക്രവർത്തിമാർ രാജ്യം ഭരിച്ചുകൊണ്ടിരിക്കേ, 'വാൻലി' എന്ന ചക്രവർത്തിയുടെ അമ്മയ്ക്ക് ഈ വിശുദ്ധാസ്ഥികൾ സമ്മാനിക്കാൻ ആ ക്ഷേത്രത്തിലെ പരമാധികാരിയായിരുന്ന ബുദ്ധഭിക്ഷു തീരുമാനിച്ചു. ഈ തീരുമാനത്തിനുണ്ടായ കാരണമെന്തായിരുന്നു എന്നു് അറിഞ്ഞുകൂടാ.

മൂന്നു ദിവസം കൈയിൽവച്ചശേഷം ചക്രവർത്തിയുടെ അമ്മ ബുദ്ധൻെറ അസ്ഥികൾ ക്ഷേത്രത്തിലേക്കുതന്നെ തിരിച്ചു നൽകി. പക്ഷേ, ഒരു ചെറിയ അസ്ഥി താനെടുത്തു്, അതിനുപകരം രണ്ടു മുത്തുകൾ ആണ് അവർ ക്ഷേത്രത്തിലെത്തിച്ചതു്. അസ്ഥിഖണ്ഡങ്ങളിൽ ഒന്നു നഷ്ടപ്പെട്ടതു്, അവ ചക്രവർത്തിനിക്കു നൽകിയ ബുദ്ധഭിക്ഷുവിനെ അത്യധികം ദുഃഖിതനാക്കി. 'ജെയ്ഡ്' എന്നു വിളിക്കപ്പെടുന്ന അർദ്ധരത്നക്കല്ലുകൊണ്ടു നിർമിച്ച ഒരു പേടകത്തിൽ, തിരിച്ചുകിട്ടിയ അസ്ഥിഖണ്ഡങ്ങൾ ഈ ഭിക്ഷു അടക്കംചെയ്തു. ഈ പെട്ടിക്കു പുറത്തു്, താഴെ ചേർക്കുന്ന അർത്ഥത്തിലുള്ള ഒരു പദ്യം കൊത്തിച്ചേർത്തു:

'ഞാൻ കണ്ടതാണീ വിശുദ്ധ വസ്തു,
ഞാൻ തൊട്ടതാണീ വിശുദ്ധ വസ്തു;
മേലിലിതു കാൺകയില്ല ഞാനെന്നാകിൽ,
മേലിലിതു ഞാൻ തൊടുകയില്ലെന്നാകിൽ,
ഞാൻ ചെയ്തതെന്തൊരു ഘോരപാപം!'

ബൈജിങ്ങിൽനിന്നു് നാല്പത്തഞ്ചുമൈൽ ദൂരത്തിൽ, 'യുൻജു' എന്ന ബുദ്ധക്ഷേത്രത്തിനടുത്തുള്ള ഒരു ഗുഹയിൽ ഈ അസ്ഥിപേടകം രഹസ്യമായി കുഴിച്ചിടപ്പെട്ടു.

കാലം പിന്നെയും കഴിഞ്ഞു; കഥകൾ നിറഞ്ഞ നാലു നൂററാണ്ടുകൾ കൂടി കടന്നുപോയി. യുൻജുവിലെ ഗുഹയിൽനിന്നു് ബുദ്ധഭഗവാൻെറ വിശുദ്ധാസ്ഥികൾ അടക്കംചെയ്ത ജെയ്ഡ് പേടകം കണ്ടുകിട്ടിയതായി 1987 മെയ് ആദ്യവാരത്തിൽ ബൈജിങ് നഗരത്തിലെ വൈസ് മേയർ ആയ ചെൻ ഹാവോസ് പ്രഖ്യാപിച്ചു. മതകാര്യങ്ങളിൽ വളരെയൊന്നും താല്പര്യമില്ലാത്ത ചൈനയിലെ കമ്യൂണിസ്റ്റ് ഗവണ്മെൻറ് ഈ കണ്ടുപിടിത്തത്തെ വിശേഷിപ്പിച്ചതു് 'ചൈനയുടെ ചരിത്രത്തിൽ ഏററവും പ്രധാനപ്പെട്ട ഒന്നു്' എന്നാണു്.

യഥാർത്ഥത്തിൽ ഈ കണ്ടുപിടിത്തം നടന്നതു് ആറു വർഷംമുമ്പ്, 1981–ൽ, ആണത്രേ. 'സാമൂഹ്യശാസ്ത്രങ്ങൾക്കുവേണ്ടിയുള്ള ചൈനീസ് അക്കാദമി'യിൽ ബുദ്ധമതം സംബന്ധിച്ച പഠനങ്ങൾ നടത്തുന്ന 'ലുവോ സാവോ' എന്ന ഗവേഷകൻ, 'ഷീജിങ്' മലയിലെ 'ലെയിൻ' എന്ന ഗുഹയിൽ, മുമ്പ് ഒരു ബുദ്ധപ്രതിമ പ്രതിഷ്ഠിച്ചിരുന്ന പീഠത്തിൻെറ

പിന്നിൽ, ഒരു കല്ല് അല്പം ഇളകിക്കിടക്കുന്നതു കണ്ടു. കല്ല് പൊക്കി നോക്കിയപ്പോൾ, വെളുത്ത ജെയ്ഡ് കൊണ്ടു നിർമിച്ചതും ഏതാണ്ട് ഒരു വാരയിലേറെ നീളവും വീതിയും ഉള്ളതുമായ ഒരു പേടകം പ്രത്യക്ഷപ്പെട്ടു. ഈ പെട്ടിക്കുള്ളിൽ, ഒന്നിനകത്ത് ഒന്നായി നാലു പെട്ടികൾ വേറെയുമുണ്ടായിരുന്നു. ഇവയും രത്നക്കല്ലുകൾകൊണ്ടോ, സ്വർണംകൊണ്ടോ തീർത്തവയായിരുന്നു. ഏററവും അകത്തുള്ള ചെറിയ പെട്ടിയിൽ ക്രീം നിറത്തിൽ, ഏതാണ്ട് അരിമണിയുടെ അത്ര വലുപ്പമുള്ള രണ്ട് അസ്ഥിഖണ്ഡങ്ങളും രണ്ടു മുത്തുകളും ലുവോസാവോ കണ്ടു. അവ ബുദ്ധഭഗവാന്റെ അസ്ഥികളാണെന്ന കാര്യത്തിൽ അദ്ദേഹത്തിന് യാതൊരു സംശയവുമുണ്ടായിരുന്നില്ല.

ആറു വർഷം കഴിഞ്ഞ് 1987 മെയ്മാസത്തിൽ ഈ അസ്ഥികളുടെ കണ്ടുപിടിത്തം പ്രഖ്യാപിക്കപ്പെടാൻ ഉണ്ടായ കാരണമെന്താണ്? ചൈനയിലെ കമ്യൂണിസ്റ്റ് ഗവൺമെൻറ് എല്ലാ മണ്ഡലങ്ങളിലും ഉദാരമായ ഒരു നയം നടപ്പാക്കിവരികയാണ്. ഇതിൻഫലമായി ബുദ്ധമതം ചൈനക്കാരുടെ ജീവിതത്തിൽ വീണ്ടും ഒരു പ്രബലസ്വാധീനമായി മാറിക്കൊണ്ടിരിക്കുന്നു. ബുദ്ധമതക്കാരുമായുള്ള ബന്ധങ്ങൾ മെച്ചപ്പെടുത്താൻ ചൈനീസ് ഗവൺമെൻറ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. 1966 മുതൽ 1976 വരെ പത്തു വർഷത്തോളം നീണ്ടുനിന്ന 'സാംസ്കാരിക വിപ്ളവ'കാലത്ത് ചൈനയിലെ പുരാതത്വാവശിഷ്ടങ്ങൾ അവഗണിക്കപ്പെട്ടു; അവയിൽ പലതും തകർന്നുപോയി. ഇപ്പോൾ, ചൈനക്കാരുടെ ദേശീയാഭിമാനം ഉദ്ദീപിപ്പിക്കുന്നതിന്റെ ഒരു ഭാഗമായി, പുരാതത്ത്വവിജ്ഞാനത്തിൽ കൂടുതൽ താല്പര്യം ചൈനയുടെ പരമോന്നത നേതാവായ ടെങ്സ്യാവോപിങ് പ്രദർശിപ്പിച്ചുവരുന്നുണ്ട്. ബുദ്ധഭഗവാന്റെ അസ്ഥിഖണ്ഡങ്ങളുടെ കണ്ടുപിടിത്തം ലോകസമക്ഷം പ്രഖ്യാപിക്കാൻ ഈ പശ്ചാത്തലം ചൈനീസ് ഗവൺമെൻറിനെ പ്രേരിപ്പിച്ചിരിക്കാം.

എല്ലാററിനും പുറമെ; അസ്ഥിഖണ്ഡങ്ങളുടെ കണ്ടുപിടിത്തത്തെ തുടർന്ന് യൻജ്ജു ക്ഷേത്രത്തിനടുത്തുള്ള 'ലൈയിൻ' ഗുഹയിലേക്കു ലോകത്തിലെങ്ങുമുള്ള ബുദ്ധഭക്തർ കൂട്ടംകൂട്ടമായി തീർത്ഥയാത്ര നടത്താൻ സാദ്ധ്യതയുണ്ട്. ഇവരുടെ തിരക്കിൽ ഈ പഴയ ഗുഹ തകർന്നുപോകാതിരിക്കണമെങ്കിൽ, ഉടൻതന്നെ അതു പുനരുദ്ധരിക്കണം. ഇതിനാവശ്യമായ പണം ശേഖരിക്കുന്നതിന്, അസ്ഥിഖണ്ഡങ്ങളുടെ കണ്ടുപിടിത്തം സംബന്ധിച്ച പ്രഖ്യാപനം ഉപകരിക്കുമെന്നാണ് ചൈനീസ് ബുദ്ധിസ്റ്റ് അസോസ്സിയേഷനിലെ സൗഷാവോലിയാങ് കരുതുന്നത്.

'സ്വാതന്ത്ര്യം നേടിക്കഴിഞ്ഞതിനുശേഷമുള്ള നാല്പതു വർഷങ്ങളിൽ ഇന്ത്യൻ പുരാതത്ത്വവകുപ്പ് കാര്യമായി എന്തെങ്കിലും ചെയ്യതായി അറിവില്ല. ദ്വാരകയ്ക്കടുത്ത് കടലിനടിയിൽ നടത്തിയ പര്യവേക്ഷണങ്ങൾ മാത്രമേ, ഈ കാലത്തു കൈവന്ന നേട്ടമായി അവർക്കു ചൂണ്ടിക്കാട്ടാൻ ഉള്ളൂ. എന്നാൽ, കമ്യൂണിസ്റ്റ് ചൈനയിലെ പുരാതത്ത്വവകുപ്പ് ഗണ്യങ്ങളായ പല നേട്ടങ്ങളും ഇക്കഴിഞ്ഞ ഇരുപതു വർഷങ്ങളിൽ കൈവരിക്കുകയുണ്ടായി. ക്രിസ്തുവിനുമുമ്പ് 255 മുതൽ 206 വരെയുള്ള അരനൂററാണ്ടിൽ ചൈന ഭരിച്ചിരുന്ന കിൻ (Kin) രാജവംശത്തിന്റെ കാലത്തു നിർമ്മിച്ച് ക്സിയാൻ നഗരത്തിനടുത്തുള്ള രാജകീയ ശ്മശാനത്തിനടിയിൽ കുഴിച്ചിട്ട 'കളിമണ്ണുകൊണ്ടുള്ള സൈനിക'രെ 1974–ൽ പുറത്തെടുത്തപ്പോൾ, ലോകത്തിനാകെ വിസ്മയം പകർന്ന ഒരു വാർത്തയായിരുന്നു അത്. ആൾവലിപ്പമുള്ള എത്രയോ ആയിരം 'സൈനികരെ' ഇതിനകം ചൈനക്കാർ പുറത്തെടുത്തിട്ടുണ്ട്. ഈ പ്രവൃത്തി തുടർന്നുവരികയുമാണ്. ഈ സൈനികരിൽ ഓരോരുത്തർക്കും വ്യത്യസ്തമായ മുഖച്ഛായയാണുള്ള

 തു്. ഈ ശ്മശാനത്തിൽത്തന്നെയുള്ള കിൻഷിചക്രവർത്തിയുടെ ശവക്കല്ലറ ഇനിയും മണ്ണിനടിയിൽനിന്ന പുറത്തെടുത്തിട്ടില്ല. താങ്്രാജവംശത്തിൽപെട്ട ഗാവോസോങ്് എന്ന ചക്രവർത്തിയുടെയും വുസെററിയാൻ എന്ന ചക്രവർത്തിനിയുടെയും ശ്മശാനങ്ങരം ക്സിയാൻ നഗരപരിസരത്തിലുണ്ട്. ഈ ചക്രവർത്തിയുടെ ശ്മശാനത്തിൽ, രസം ഒഴുകുന്ന ഒരു കൃത്രിമ നദി ഉണ്ടാക്കിയിരുന്നു എന്നും, അതിൽ സ്വർണംകൊണ്ടു നിർമിച്ച അരയന്നങ്ങരം നീന്തിനടന്നിരുന്നു എന്നും ചൈനീസ് ചരിത്രരേഖകളിൽ പറഞ്ഞിട്ടുണ്ടത്രേ. ഇതിൻെറ സത്യം ഇനിയും അന്വേഷണവിധേയമായിട്ടില്ല. പക്ഷേ, പരിശീലനം നേടിയ മൂവായിരത്തിലേറെ ചൈനീസ് പുരാതത്വശാസ്ത്രജ്ഞർ ഇപ്പോരം ചൈനയിലെ ആയിരത്തിലേറെ ഐതിഹാസികസ്ഥലങ്ങളിൽ ഉൽഖനനങ്ങരം നടത്തിക്കൊണ്ടിരിക്കുകയാണ്. ഉൽഖനനം നടത്തേണ്ട പതിനയ്യായിരത്തിലേറെ 'പുരാതത്വ പ്രദേശ'ങ്ങരം ഇതിനകം ചൈനയിൽ കണ്ടെത്തിയിട്ടുണ്ട്. ഇവിടെയെല്ലാം ഉൽഖനനം നടത്തി ചൈനയുടെ പ്രാചീന മഹിമ അനാവരണംചെയ്യാൻ എത്രയോ വർഷങ്ങരം വേണ്ടിവരും; എത്രയോ ലക്ഷം ശാസ്ത്രജ്ഞരുടെ അദ്ധ്വാനവും വളരെയധികം പണവും ഇതിന്് ആവശ്യമായിരിക്കും. പഴമയിലേക്കുള്ള ഈ തീർത്ഥയാത്ര ചൈനയിൽ ആരംഭിച്ചിട്ടേയുള്ളു. ആ യാത്രയുടെ ആരംഭത്തിൽത്തന്നെ കൈവന്ന നേട്ടമാണ്് ബുദ്ധഭഗവാൻെറ രണ്ട്് അസ്ഥിശകലങ്ങരം.

ഈ കണ്ടുപിടിത്തത്തിൽ ചൈനക്കാരോടൊപ്പം താല്പര്യം, ബുദ്ധഭഗവാൻെറ നാട്ടുകാരും, അദ്ദേഹത്തിൻെറ പൈതൃകത്തിന്് ജന്മനാ അവകാശികളുമായ ഇന്ത്യക്കാർക്കും ഉണ്ടാകേണ്ടതാണ്്.

## 60. ഓസെൽ ലാമ

ബുദ്ധമതത്തെപ്പററി മലയാളികരംക്കുള്ള പരിമിതമായ ജ്ഞാനം കുമാരനാശാൻെറ 'കരുണ'യോ, 'ചണ്ഡാലഭിക്ഷുകി' യോ വായിച്ചു കൈവന്നതായിരിക്കാനാണ്് ഇട. എഡ്വിൻ ആർണോർഡിൻെറ 'ലൈററ് ഓഫ് ഏഷ്യ' എന്ന മഹാകാവ്യത്തിന്് നാലപ്പാട്ട്് നാരായണമേനോൻ രചിച്ച 'പൗരസ്ത്യ ദീപം' എന്ന വിവർത്തനവും കുമാരനാശാൻ രചിച്ച 'ബുദ്ധചരിതം' എന്ന വിവർത്തനവും ചിലർ വായിച്ചിരിക്കാം. ഇന്നു ലോകത്തിൻെറ പല ഭാഗങ്ങളിൽ കോടിക്കണക്കിന്് ആളുകരം വിശ്വസിച്ച്് ആചരിച്ചുവരുന്ന ബുദ്ധമതത്തെപ്പററി മനസ്സിലാക്കാൻ ഈ കൃതികരം വായിച്ചതുകൊണ്ടുമാത്രം മതിയാകയില്ല.

ഹീനയാനമെന്നും മഹായാനമെന്നും അത്യന്തം വ്യത്യസ്തങ്ങളായ രണ്ടു ശാഖകരം ബുദ്ധമതത്തിനുണ്ട്. പാലി ഭാഷയിലുള്ള 'ത്രിപിടകങ്ങരം' എന്ന ഗ്രന്ഥസമുച്ചയമാണ്് ഹീനയാനബുദ്ധമതക്കാർക്കു പ്രമാണം. ഹീനയാനത്തിൻെറ ഒരു വകഭേദമായ 'ഥേരവാദം' ആണ്് ശ്രീലങ്കയിൽ പ്രചരിക്കുന്നതു്. ബർമ മുതലായ മററു ചില രാജ്യങ്ങളിലും ഹീനയാന ബുദ്ധമതത്തിനാണു പ്രചാരം.

സംസ്കൃതഭാഷയിലുള്ള ചില 'സൂത്ര' ഗ്രന്ഥങ്ങളാണ്് മഹായാന ബുദ്ധമതക്കാർക്കു പ്രമാണം. ചൈന, ജപ്പാൻ, വിയററ്നാം മുതലായ രാജ്യങ്ങളിൽ മഹായാന ബുദ്ധമതം പ്രചരിക്കുന്നു. മഹായാനത്തിൻെറ ഒരു ശാഖയാണ്് തന്ത്രയാനം അഥവാ വജ്രയാനം. തിബത്തിലും, അതിനടുത്ത ഇന്ത്യൻ പ്രദേശങ്ങളിലും, നേപ്പാളിലും തന്ത്രയാനം (വജ്ര